നം. 20/2017/SRG/CC

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.05.2017 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

**യോഗം രാവിലെ 11.30 ന് നിയമസഭാകോംപ്ലക്സിലെ ഹാൾ നമ്പർ 5-A-യിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.**

**2017- 18 ലെ വാർഷിക പദ്ധതി ആസൂത്രണ നടപടി സംബന്ധിച്ച് യോഗം അവലേകനം ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു**

## 1. ആസൂത്രണ പുരോഗതി അവലോകനം -22.05.2017

| I സ്റ്റാറ്റസ് റിപ്പോർട്ട് | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|---|---|
| 1) സ്റ്റാറ്റസ് റിപ്പോർട്ട് ക്രോഡീകരണം പൂർത്തിയാക്കിയ സ്ഥാപനങ്ങൾ | 928 | 79 | 05 | 152 | 14 |
| 2) സ്റ്റാറ്റസ് റിപ്പോർട്ട് ക്രോഡീകരണം പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ | 13 | 08 | 01 | - | 0 |
| **II ഗ്രാമ/വാർഡ് സഭായോഗങ്ങൾ** | | | | | |
| 1) ഗ്രാമ/ വാർഡ് സഭാ യോഗം പൂർത്തിയാക്കിയ സ്ഥാപനങ്ങൾ | 930 | 85 | 06 | 151 | 13 |
| 2) ഇതുവരെയും ഗ്രാമ/ വാർഡ് സഭാ യോഗംപൂർത്തിയാക്കാത്തസ്ഥാപനങ്ങൾ | 11 | 02 | 0 | 01 | 01 |
| **III വികസന രേഖ** | | | | | |
| 1) വികസനരേഖ അന്തിമമാക്കിയ സ്ഥാപനങ്ങൾ | 639 | 70 | 03 | 125 | 11 |
| 2) വികസനരേഖ അന്തിമമാക്കാത്ത സ്ഥാപനങ്ങൾ | 302 | 17 | 03 | 27 | 03 |
| **IV വികസന സെമിനാർ** | | | | | |
| 1) വികസന സെമിനാറുകൾ നടത്തിയ സ്ഥാപനങ്ങൾ | 597 | 51 | 04 | 111 | 09 |
| 2) വികസന സെമിനാറുകൾ നടത്താത്ത സ്ഥാപനങ്ങൾ | 344 | 36 | 02 | 41 | 05 |
| **V പ്രോജക്റ്റ് തയ്യാറാക്കൽ** | | | | | |
| 1) വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പ്രോജക്ടുകൾ തയ്യാറാക്കിയ സ്ഥാപനങ്ങൾ | 601 | 34 | 03 | 120 | 09 |
| 2) വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പ്രോജക്ടുകൾ പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ | 340 | 53 | 03 | 32 | 05 |
| **VI പ്രോജക്റ്റ് ഡാറ്റാഎൻടി** | | | | | |
| 1) പ്രോജക്റ്റ് ഡാറ്റാഎൻടി ആരംഭിച്ചവർ | 849 | 33 | 02 | 121 | 05 |
| 2) പ്രോജക്റ്റ് ഡാറ്റാഎൻടി പൂർത്തിയാക്കിയവർ | - | 02 | - | 10 | - |
| 3) എത്ര പ്രോജക്ടുകൾ ഡാറ്റാഎൻട്രി നടത്തി | 32492 | - | - | 3010 | - |
| **VII പദ്ധതിരേഖ** | | | | | |
| 1) അന്തിമ പദ്ധതിരേഖ തയ്യാറാക്കിയവർ | 220 | 10 | 01 | 41 | 02 |
| **VIII വാർഷിക പദ്ധതി DPCയ്ക്കു സമർപ്പിക്കൽ** | | | | | |
| 1) പ്രോജക്ടുകളും പദ്ധതിരേഖയും ഡി.പി.സി.യ്ക്ക് സമർപ്പിച്ചസ്ഥാപനങ്ങൾ | 16 | - | - | 05 | - |
| 2) പ്രോജക്ടുകളും പദ്ധതിരേഖയും ഡി.പി.സി.യ്ക്ക് സമർപ്പിക്കാൻ തയ്യാറായ സ്ഥാപനങ്ങൾ | 33 | 03 | - | 10 | 02 |

## 2 **പൊതുവിഷയങ്ങൾ**

2.1 ജില്ലാ പദ്ധതി

എല്ലാ ജില്ലകൾക്കും സമഗ്രമായ ഒരു ജില്ലാ പദ്ധതി തയ്യാറാക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതിയോടൊപ്പം ജില്ലയിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾകൂടി ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിന് നേതൃത്വം നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതിയാണ്. ഇതിന്റെ മുന്നൊരുക്കമെന്ന നിലയിൽ 02.06.17 ൽ സംസ്ഥാന ആസൂത്രണ ബോർഡിൽ ചേരുന്ന യോഗ തീരുമാനപ്രകാരം ജില്ലാ ആസൂത്രണ സമിതികൾ നടപടിസ്വീകരിക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

2.2 മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ പലയിടത്തും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാറില്ല. കൂടാതെ സേവിംഗ്സും ഉണ്ട്. ഇത് സംബന്ധിച്ച് ഒരു അവലോകനം നടത്തി ജില്ലാതലത്തിൽ നടപടി സ്വീകരിക്കണം. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ഇപ്രകാരം എത്ര രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്, ചെലവഴിച്ച തുക, ഭൗതിക നേട്ടം, മിച്ചം തുക തുടങ്ങിയവ ഡി.പി.സി വിശദമായി അവലോകനം നടത്തണം. ചിലവഴിക്കാത്ത തുക അടിയന്തിരമായി ചെലവഴിക്കണം. അല്ലായെങ്കിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കണം. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവർ ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്ക്പഞ്ചായത്തുകളുടേയും വിവരങ്ങൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്കു നൽകണം. ജില്ലാ പഞ്ചായത്തിന്റേയും നഗരസഭകളുടേയും വിവരങ്ങൾ സെക്രട്ടറിമാർ ഡി.പി.സിക്കു നേരിട്ടു നൽകണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

2.3 2017–18 ലെ ജനകീയാസൂത്രണ മാർഗ്ഗരേഖപ്രകാരം തദ്ദേശഭരണ സ്ഥാപനതല കായിക വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ, നഗരസഭ, ബ്ലോക്ക്, ജില്ലാതലത്തിൽ യൂത്ത് ക്ലബ് ഏകോപന സമിതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും രൂപീകരിക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്)

2.4 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2017–18–ലെ വാർഷിക പദ്ധതിയുടെ ഡി.പി.സി അംഗീകാരം 31.05.2017–നു മുൻപ് നേടണം. ഇത് എല്ലാ ദിവസവും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ പ്രത്യേകമായി അവലോകനം ചെയ്യണം. ഇതിനായി ശ്രീമതി. ഹരിത വി.കുമാർ (നഗരകാര്യ ഡയറക്ടർ), ശ്രീ സന്തോഷ് കുമാർ(അഡീഷണൽ ഡയറക്ടർ, ഗ്രാമവികസനം) ശ്രീ. നാരായണൻ നമ്പൂതിരി (ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്) എന്നിവരെ നോഡൽ ഓഫീസറായി പ്രത്യേകം ചുമതലപ്പെടുത്തി

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

2.5 പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും പ്രോജക്ട് എൻട്രി നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകമായ ക്രമീകരണം നടത്തണം. ആവശ്യമെങ്കിൽ 31.05.2017 വരെ പ്രോജക്ട് എൻട്രി നടത്തുന്നതിന് ദിവസവേതാനാടിസ്ഥാനത്തിൽ ആളുകളെ നിയമിക്കണം. ആവശ്യമെന്നു തോന്നുന്ന എല്ലാ ക്രമീകരണങ്ങളും തദ്ദേശഭരണ സ്ഥാപനം ഒരുക്കണം. ഇതിനാവശ്യമായ ചെലവ് പദ്ധതി ആസൂത്രണത്തിനുവേണ്ടി മാറ്റി വച്ചിരിക്കുന്ന വിഹതത്തിൽ നിന്ന് ഉപയോഗിക്കാവുന്നതാണ്.

(1. നടപടി: തദ്ദേശസ്വയംഭരണ വകുപ്പ്

2. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ)

2.6 ഐ.കെ.എം. സോഫ്റ്റ് വെയർ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഐ.കെ.എം. ഹെഡ് ക്വാർട്ടറിൽ പ്രത്യേക സൗകര്യമൊരുക്കണം. 31.05.2017 വരെ എല്ലാ ദിവസവും രാത്രി 10.00 മണിവരെ ഐ.കെ.എം. ഹെൽപ് ഡെസ്ക് പ്രവർത്തിക്കണം.

(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.7 പ്രാഥമിക വിലയിരുത്തലിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനരേഖയിലും സ്റ്റാറ്റസ് റിപ്പോർട്ടിലും ഗുണത്തിൽ ഏകീകൃത സ്വഭാവമില്ല. ഇത് പരിശോധനയ്ക്ക് വിധേയമാക്കണം. കുറവുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. നൂതന പ്രോജക്ടുകൾ എന്ന ആശയം എത്ര മാത്രം വികസനരേഖയിൽ പ്രതിഫലിച്ചിട്ടുണ്ട് എന്ന് പ്രത്യേകം വിലയിരുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 1997–ലെയും 2017–ലെയും വികസനരേഖകൾ താരതമ്യ പഠനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിധേയമാക്കണം. ഡി.പി.സി.യും ഇതു പ്രത്യേകം വിലയിരുത്തുകയും ഗ്രേഡിംഗ് നൽകുകയും ചെയ്യണം. മികച്ച രേഖകൾ തയ്യാറാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളെ അഭിനന്ദിക്കണം. ഇപ്രകാരമുള്ളവരുടെ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ തയ്യാറാക്കണം.

(നടപടി: 1) എല്ലാ ജില്ലാ കളക്ടർമാരും

2. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ)

2.8 കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ എല്ലാ ജില്ലാ ആസൂത്രണ സമിതികളിലും കൃത്യമായി പങ്കെടുക്കണം. ലൈഫ്, ആശ്രയ എന്നീ പദ്ധതികളുടെ ആസൂത്രണ നിർവഹണത്തിൽ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം

(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

2.9 കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും വികസന സെമിനാറുകളുടെ ഫോട്ടോഗ്രാഫുകൾ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്കു നൽകണം. ഇവ തദ്ദേശഭരണ വകുപ്പിന്റെ സൈറ്റിൽ ഇടണം.

(നടപടി: തദ്ദേശസ്വയംഭരണ വകുപ്പ്

2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.10 ഇനിയുള്ള കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നഗരസഭകളുടെ തനത് വരുമാനം സംബന്ധിച്ച് അവലോകനം നടത്തണം. ഇതിന്റെ വിശദാംശങ്ങൾ നഗരകാര്യ ഡയറക്ടർ നൽകണം.

(നടപടി: നഗരകാര്യ ഡയറക്ടർ)

2.11 ഓരോ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലും ഒരു വകുപ്പിന്റെ വീതം പ്രവർത്തനം പ്രത്യേകമായി അവലോകനം ചെയ്യണം. വകുപ്പിന്റെ മുൻകാല പ്രവർത്തനം, ഇപ്പോഴത്തെ പരിപാടികൾ, ഭാവി പ്രവർത്തനം എന്നിവ അവലോകനത്തിനു വിധേയമാക്കണം. ആദ്യപടിയായി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നഗരകാര്യ വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച കുറിപ്പ് നേരത്തെ തന്നെ നൽകണം.

(നടപടി: 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) നഗരകാര്യ ഡയറക്ടർ)

2.12 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന കാലാനുസൃതമായ പ്രശ്നപരിഹാര മാർഗങ്ങൾ ഐ.കെ.എം. സൈറ്റിൽ ഇടണം. കൂടാതെ FAQ വും സൈറ്റിൽഇടണം.

(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.13 തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദഗ്ധരായ എഞ്ചിനീയർമാരെ പ്രത്യേക പ്രശ്നം നേരിടുന്ന പ്രദേശങ്ങളിൽ നിയമിക്കണം. അവരുടെ പ്രൊഫഷണൽ വൈദഗ്ധ്യം പരമാവധി ഉപയോഗപ്പെടുത്തണം

(നടപടി: തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ)

2.14 31.05.2017-നു മുമ്പ് സ്പിൽ ഓവർ പ്രോജക്ടുകളുടെ പരമാവധി ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ബിൽ തുക നൽകണം. നിർമ്മാണ പ്രോജക്ടുകൾക്ക് പാർട്ട് ബിൽ നൽകാനും പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ എഞ്ചിനീയർമാർക്കും ഇതു സംബന്ധിച്ച അറിയിപ്പ് ചീഫ് എഞ്ചിനീയർ ഇന്നു തന്നെ നൽകണം. 30.06.2017 നു മുമ്പ് സ്പിൽഓവർ പ്രോജക്ടുകളുടെ പരമാവധി ബില്ലുകൾ മാറണം

(നടപടി: 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) ചീഫ് എഞ്ചിനീയർ, തസ്വഭവ)

2.15 24.05.2017 മുതൽ 31.05.2017 വരെ ഓരോ ദിവസത്തെയും പദ്ധതി ചെലവ് ഐ.കെ.എം. മോണിട്ടർ ചെയ്യുകയും ഇത് പ്രത്യേകമായി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്യണം.

(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.16 നിർമ്മാണ പ്രവൃത്തികളുടെ നിർവഹണം സംബന്ധിച്ച് താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

2.16.1 50,000/- രൂപയിൽ താഴെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഗുണഭോക്തൃ സമിതിയെ എൽപ്പിക്കുകയോ ടെണ്ടർ /ഇ-ടെണ്ടർ രീതി അവലംബിക്കുകയോ ചെയ്യാം

2.16.2 50,000/- രൂപ മുതൽ 5.00 ലക്ഷം രൂപയ്ക്കു താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടപ്പാക്കാവുന്നതാണ്.

2.16.3 5.00 ലക്ഷമോ അതിൽ കൂടുതലോ രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് ഇ-ടെണ്ടർ മുഖേനമാത്രമായിരിക്കണം.

2.16.4 തുകയുടെ പരിധി നോക്കാതെ, ആവശ്യമെങ്കിൽ, പി.റ്റി.എ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അങ്കണവാടി വെൽഫയർ കമ്മിറ്റി തുടങ്ങിയ ഏജൻസി മുഖേന നടപ്പാക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.), (ഇ.പി.എ), (ഡി.സി) വകുപ്പ്)

2.17 ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2016-17-ലെ ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ അവ ക്രമപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതിന് ധനവകുപ്പിനു നൽകണം. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഏതു മേഖലയിലാണ് (ഉദാ. ജനറൽ, എസ്.സി.എസ്.പി, റ്റി.എസ്.പി) എന്നുമുള്ള വിവരം ഐ.കെ.എം തദ്ദേശവകുപ്പ മുഖേന ധനവകുപ്പിനു നൽകണം.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്,<br>2. ധനകാര്യവകുപ്പ്,<br>3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

## 3. <u>മറ്റ് വിഷയങ്ങൾ</u>

3.1 **<u>കോട്ടയ്ക്കൽ മുനിസിപ്പൽ ചെയർമാന്റെ 10.05.2017 ലെ</u>** <u>PO-13189/14</u>**<u>-ാം നമ്പർ കത്തും 15.03.17 ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിന്റെ നടപടി വിവരവും</u>**

2014-15 വർഷത്തിൽ ഭവനശ്രീ പദ്ധതി പ്രകാരം 160 ഭവനരഹിതർക്ക് വീടുവെച്ച് നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ഇതിനാവശ്യമായ ഫണ്ട് ഹഡ്കോയിൽ നിന്നും ലോണെടുക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇതിന് സർക്കാർ അനുമതി ലഭിക്കാൻ വൈകി. പല ഗുണഭോക്താക്കളും സ്വന്തമായി പണം ഉപയോഗിച്ച് വീട്ടു പണി തുടങ്ങി വിവിധ ഘട്ടങ്ങളിലാണ്. ഇവർ പണി നടത്തിയ സ്റ്റേജ് അനുസരിച്ച് തുക നൽകാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – വീടിന്റെ ഇനിയും നടത്തേണ്ട നിർമ്മാണ ജോലിക്കും, മുമ്പ് പണി നടത്തിയവയ്ക്കും വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്. എന്നാൽ മുൻപ് പൂർത്തിയായവ പുതിയ നിർമ്മാണ പ്രവർത്തിയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം. ഇപ്രകാരം പണിത വീടുകളുടെ ഫോട്ടോ ഗ്രാഫും ലിസ്റ്റും പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

3.2 **<u>ബഹു. ഇരിങ്ങാലക്കുട എം.എൽ.എയുടെ 04.05.17- ലെ കത്തും പൂമംഗലം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 02.05.17 ലെ കത്തും 31.03.17 ലെ 1 (1)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

ലോക ബാങ്ക് തുക ഉപയോഗിച്ച് 2016-17 വാർഷിക പദ്ധതിയിൽ പാടശേഖരങ്ങൾക്ക് വെർട്ടിക്കൽ ആക്സിസ് മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന് (5 എണ്ണം) ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലാണ്. ടെണ്ടർ തുക 31.03.17 ൽ കൂടിയ ഭരണസമിതി അംഗീകരിച്ചു. ടെണ്ടർ നടപടി ആരംഭിച്ചത് 25.03.2017 നാണ്. അധിക ടെണ്ടർ തുകയ്ക്ക് അംഗീകാരം നൽകി പ്രോജക്ട നടത്തിപ്പിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടവിഷയമല്ല എന്നു നിരീക്ഷിച്ചു. അനുമതി നിരസിച്ചു. മാനദണ്ഡപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് 30.06.17 ന മുമ്പ് നടപ്പാക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്)

**3.3 ചെറുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.05.2017– ലെ A1–2179/17–ാം നമ്പർ കത്തും 05.05.2017– ലെ 2(1)–ാം നമ്പർ തീരുമാനവും.**

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിലെ 19 വാർഡിലും ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. 01.04.2017 മുതൽ 31.05.2017 വരെ കുടിവെള്ള വിതരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 10.00 ലക്ഷം രൂപയാണെന്ന് സർക്കാർ ഉത്തരവുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ തുകയുടെ പരിധി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം**– 5.00 ലക്ഷം രൂപ കൂടി അധികമായി ഉപയോഗിക്കാൻ സർക്കാർ അനുമതി ഉണ്ട്.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**3.4 കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.05.2017 ലെ A–4183/17–ാം നമ്പർ കത്ത്.**

2016–17 വർഷത്തെ റ്റി.എസ്.പി. വിഹിതം 39,95,922 രൂപയാണ്. സ്പിൽ ഓവർ പ്രോജക്ടുകളും കൂടി ചേർത്ത് ആകെ 51,91,726/–രൂപ ട്രഷറിയിൽ നിന്നും റ്റി.എസ്.പി പ്രോജ്ക്ടുകൾക്ക് വേണ്ടി പിൻവലിച്ചു. അധികമായി പിൻവലിച്ചത് 11,95,804/– രൂപ. അധിക തുക പിൻവലിച്ചത് ക്രമപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – ഇതു സംബന്ധിച്ച് പരിശോധന നടത്തി ധനവകുപ്പ് തീരുമാനമെടുക്കേണ്ടതാണ്. ഫയൽ ധനവകുപ്പിനു കൈമാറാൻ തീരുമാനിച്ചു. ബഡ്ജറ്റ് വിഹിതത്തെക്കാൾ തുക ചെലവഴിച്ചിട്ടുള്ള മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം തുടർനടപടിയ്ക്കായി ധനവകുപ്പിനു ഐ.കെ.എം കൈമാറേണ്ടതാണ്.

(നടപടി– 1. തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2. ധനകാര്യ വകുപ്പ്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**3.5 കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31.03.2017 ലെ A6–926/2014/17–ാം നമ്പർ കത്തും 22.03.17 ലെ 4(23)–ാം നമ്പർ ഭരണസമിതി തീരുമാനവും**

2016–17 ൽ കേരള വാട്ടർ അതോറിറ്റിയുടെ ഡിപ്പോസിറ്റ് വർക്കുകളുടെ ടെണ്ടർ സേവിംഗ്സും വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ തുകയും ഉപയോഗിച്ച് മറ്റു കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – കേരളവാട്ടർ അതോറിറ്റിയുമായി ചർച്ചചെയ്ത് സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ എടുക്കുന്നതു സംബന്ധിച്ച് ജില്ലാതലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. പൊതുതീരുമാനം ഖണ്ഡിക 2.2 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.6 കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.0.2017 ലെ B5-136/ 2017-ാം നമ്പർ കത്തുകൾ (2 എണ്ണം)**

പട്ടികജാതി വിഭാഗത്തിൽ നിന്നും പട്ടികവർഗ്ഗവിഭാഗത്തിലേക്ക് മാറ്റപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക്, ജനസംഖ്യാനുപാതികമായി ബഡ്ജറ്റ് വിഹിതം പുനക്രമീകരിക്കുന്നതുവരെ, പ്രത്യേക ഘടകപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗകാർക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ജനകീയാസൂത്രണ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് 18.05.2013 ലെ 1321/2013/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും ഇപ്രകാരം ആനുകൂല്യം നൽകുവാൻ സാധിക്കുമോ എന്നതിന്മേൽ സ്പഷ്ടീകരണം സംബന്ധിച്ച്.

**തീരുമാനം**-1) 18.05.2013 - ലെ 1321/2013തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവിൽ പറയും പ്രകാരം. ജനസംഖ്യാനുപാതികമായി ബഡ്ജറ്റ് വിഹിതം പുനഃക്രമീകരിക്കുന്നതുവരെ പട്ടികജാതി വിഭാഗത്തിൽ നിന്നു പട്ടികവർഗ്ഗ വിഭാഗത്തിലേക്കു മാറ്റപ്പെട്ട എല്ലാ സമുദായത്തിനും ജനകീയാസൂത്രണ പദ്ധതിയിലെ എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് റ്റി.എസ്.പി മാനദണ്ഡ പ്രകാരമുള്ള ധനസഹായം നൽകാവുന്നതാണ്.

2) അടുത്ത വർഷം ബഡ്ജറ്റിന്റെ അനുബന്ധം IV-ൽ ജനസംഖ്യാനുപാതികമായി വിഹിതംഉൾപ്പെടുത്തത്തക്കരീതിയിൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ തരംതിരിച്ച് ജനസംഖ്യ (പട്ടിക ജാതി, പട്ടികവർഗ്ഗം വിഭാഗം) ധനകാര്യവകുപ്പിനു നൽകാൻ പഞ്ചായത്തു ഡയറക്ടർ, നഗരസഭഡയറക്ടർ, പട്ടികജാതി വികസന ഡയറക്ടർ , പട്ടിക വർഗ്ഗ വികസന ഡയറക്ടർ എന്നിവർ നടപടി സ്വീകരിക്കണം. ധനവകുപ്പ് ഇതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3) ഈ നടപടിക്രമം പരിശോധിച്ച് ആവശ്യമായ ശുപാർശ നൽകാൻ, പഞ്ചായത്തുഡയറക്ടർ, നഗരകാര്യഡയറക്ടർ, സ്റ്റേറ്റ് പെർഫോ മൻസ് ഓഡിറ്റ് ഓഫീസർ എന്നിവരടങ്ങിയ ഒരു കമ്മറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്
പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർ
ധനവകുപ്പ് )

**3.7 വയനാട് ജില്ലാ കളക്ടറുടെ 09.05.2017 868/16/ജി.എ.സ/ഡി.പി.ഒ/ വയനാട് നമ്പർ കത്ത്.**

താഴെപ്പറയുന്ന വിഷയങ്ങൾ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

i) ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈസ്കൂളുകളോട് ചേർന്നുള്ള എൽ.പി, യു.പി.സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**- എൽ.പി., യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്തിന് വകയിരുത്താവുന്നതാണ്. തുക അപര്യാപ്തമാണെങ്കിൽ ജില്ലാപഞ്ചാ യത്തിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് തുക കൈമാറാൻ അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് )

**ii)** വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ നില ഉറപ്പ വരുത്തുന്നതിന് എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u> –** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതൽ ഉള്ള ജില്ല ആയതിനാൽ വയനാട് ജില്ലക്കുമാത്രമായി പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**iii)** എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u> –** ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകാൻ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**iv)** എ.ബി.സി. പ്രോഗ്രാം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ സുലേഖ സോഫ്റ്റ് വെയറിൽ ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കി വെറ്റിംഗ് നടത്താനും ക്രമീകരണം സംബന്ധിച്ച്.

**<u>തീരുമാനം</u> –** എ.ബി.സി. പ്രോഗ്രാം സംയുക്തമായി നടപ്പാക്കാൻ അനുമതിയുണ്ട്. ഇതിനുള്ള സൗകര്യം സുലേഖാ സോഫ്റ്റ് വെയറിൽ ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായല്ലാതെയും പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

**V)** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്ന പ്രോജക്ടുകൾ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാം എന്ന് വ്യക്തത സംബന്ധിച്ച്

**<u>തീരുമാനം</u>–** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പുകൾ, ബത്ത എന്നിവ മുടക്കം കൂടാതെ നൽകുന്ന പ്രോജക്ടുകൾ എടുക്കുന്നതാണ് അഭികാമ്യം എന്ന് മാർഗ്ഗരേഖയുടെ അനുബന്ധമായ തിരുത്തൽ ഉത്തരവിൽ വ്യക്ത മാക്കിയിട്ടുണ്ട്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.8 **<u>പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 11.04.2017 ലെ PMC/5/2017–ാം നമ്പർ കത്ത്</u>**

അംഗീകൃത മത്സ്യതൊഴിലാളികൾക്കും കുടുംബങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങൾക്ക് പട്ടിക വർഗ്ഗവിഭാഗത്തിനു തുല്യമായ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് 18.01.17– ലെ 134/2017/തസ്വഭവ നമ്പറായി ഉത്തരവായിട്ടുണ്ട്. ഇത് ജനകീയാസൂത്രണ മാർഗ്ഗരേഖയുടെ ഭാഗമാക്കി സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**<u>തീരുമാനം</u>**–

1. ആനുകൂല്യം നൽകുന്നതിന് അർഹത നിശ്ചയിക്കുന്നതിനുമാത്രമേ പട്ടികവർഗ്ഗ വിഭാഗത്തിനു തുല്യമായ മാനദണ്ഡങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബാധകമാവുകയുള്ളു.
2. പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്ന സബ്സിഡിയുൾപ്പടെയുള്ള മറ്റു ആനുകൂല്യങ്ങൾക്ക് മത്സ്യതൊഴിലാളി കുടുംബത്തിന് അർഹതയില്ല.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ് )

3.9 **<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.04.2017 ലെ P6/118//17–ാം നമ്പർ കത്തും 12.04.17 ലെ 6–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

ജില്ലയിലെ എല്ലാ സർക്കാർ സ്കൂളിലേയും പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പ്രോജക്ടുകൾ 2017 – 18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് )

3.10 **<u>ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 30.03.2017 ലെ കത്ത്.</u>**

പുതിയ ആസൂത്രണമാർഗ്ഗരേഖ പ്രകാരം 50,000/– രൂപയിൽ അധികമുള്ള നിർമ്മാണ പ്രോജക്ടുകൾ ഇ–ടെണ്ടർ ചെയ്യണം. ഈ കാരണത്താൽ നിരവധി പ്രോജക്ടുകൾ നടപ്പിലാക്കാതെ കിടക്കുകയാണെന്നും അതിനാൽ 10.00 ലക്ഷം രൂപയിൽ താഴെയുള്ളവ ഗുണഭോക്തൃസമിതിയെകൊണ്ടു ചെയ്യിപ്പിക്കുവാൻ അനുമതി വേണമെന്നതു സംബന്ധിച്ച്.

**<u>തീരുമാനം</u>** – ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്ക് അധികകൺവയൻസ് കൂടി ചേർത്തു എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. ടെണ്ടർ സംബന്ധിച്ച് പൊതുതീരുമാനം ഖണ്ഡിക 2.16 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ് )

3.11 **<u>കൊല്ലം ജില്ലാ കളക്ടറുടെ 19.05.2017 ലെ 66/17/DPC/DPO/KLM നമ്പർ കത്തും പട്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.05.2017 ലെ കത്തും 08.05.2017 ലെ 1–ാം നമ്പർ പഞ്ചായത്ത് ഭരണസമിതിതീരുമാനവും.</u>**

2017–18 വർഷം 1,33,45,000/– രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ പട്ടാഴി പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. ഈതുക റോഡ് മെയിന്റനൻസിനു കൂടുതലാണ്. അതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്കു കൂടി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** – തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഗ്രാന്റ് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് ഇവയ്ക്ക് ഉപയോഗിക്കാം. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനു കൈമാറികിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാന മെടുക്കണം. 28.11.2012 – ലെ 68228/FM/2012/തസ്വഭവ നമ്പർ സർക്കുലർ ഇതിനു ബാധകമായിരിക്കും. കൂടാതെ ഇത് സംബന്ധിച്ച് മുകളിൽ പറയുന്നതിന്മേൽ ബന്ധപ്പെട്ട എഞ്ചിനീയറുടെ സാക്ഷ്യ പത്രം കൂടി വേണം.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) (ആർ.സി) വകുപ്പ്)

3.12 **<u>കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.05.2017–ലെ A5–4053/2017–ാം നമ്പർ കത്തും 12.05.2017–ലെ 2–ാം നമ്പർ ഭരണസമിതി തീരുമാനവും ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ 06.05.17 ലെ AE/LSGD/KDR/General/2016–17–ാം നമ്പർ കത്തും.</u>**

2016–17 വാർഷിക പദ്ധതിയിലെ മാലിന്യം നീക്കം ചെയ്യൽ എന്ന പ്രോജക്ട് (നം. 223/17 തുക 7.00 ലക്ഷം രൂപ) നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയർ തയ്യാറാകുന്നില്ല എന്ന് അറിയിച്ചിരിക്കുന്നു. വേസ്റ്റ് യാർഡിലെ മാലിന്യം നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പാക്കാൻ നിർദ്ദേശം നൽകണമെന്നതുസംബന്ധിച്ച്

**തീരുമാനം** – ഇത് സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ തീരുമാനമെടുക്കണം.

(നടപടി – 1.തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്,
2. പാലക്കാട് ജില്ലാ കളക്ടർ)

3.13 **<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.17, 22.05.17 എന്നീ തീയതികളിലെ കത്തും 08.05.17 ലെ X(2)–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

കുട്ടനാട് മേഖലയിൽ നെൽകൃഷി, വാഴകൃഷി, തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് നേരിട്ടുനടപ്പാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മാർഗ്ഗരേഖയനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കണമെന്ന് 10.05.17 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. ഇത് പുനഃപരിശോധിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – 1. ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കണം. അപ്പർ കുട്ടനാട് മേഖലയിൽ മാത്രം നെൽകൃഷിക്ക് കൂലി ചെലവിന്റെ 60 ശതമാനം തുക ജില്ലാ പഞ്ചായത്തിന് ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകുന്നു. ബാക്കിതുക മാർഗ്ഗരേഖ പ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ചെലവഴിക്കണം. കൂടാതെ മാർഗ്ഗരേഖ യിൽ പറയും പ്രകാരം അനുവദനീയ ഘടകങ്ങൾക്ക് ജില്ലാ പഞ്ചായത്തിനു വിഹിതം ഗ്രാമപഞ്ചായത്തിനു നൽകാവുന്ന താണ്.

2. എത്ര നെല്ല് ഉത്പാദിപ്പിച്ചു എന്നും എത്ര നെല്ല് സർക്കാർ ഏജൻസികൾ സംഭരിച്ചു എന്നതിന്റെ കണക്ക് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

യോഗം ഉച്ച കഴിഞ്ഞ് 1.30 ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1 ശ്രീ. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്
3 ശ്രീ. എസ്. ദിവാകരൻ പിള്ള, എസ്.പി.എ.ഒ
4 ശ്രീ. വി.എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ
5 ശ്രീ. ജോൺസൺ തോമസ്, ജോയിന്റ് സെക്രട്ടറി, എസ്.സി.ഇ.എസ്.റ്റി ഡിപ്പാർട്ട്മെന്റ്
6 ശ്രീമതി. ലിഷ മോഹൻ, എഡി.സി, സി.ആർ.ഡി
7 ശ്രീ. എം.എസ്.നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
8 ശ്രീമതി പ്രസന്നകുമാരി, ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്
9 ശ്രീ. എ.കെ. മോഹനകുമാർ, ജെ.എസ്, തദ്ദേശസ്വയംഭരണ വകുപ്പ്
10 ശ്രീമതി പി.ജെ. ആമിന, ചീഫ് പ്ലാനിംഗ് ഓഫീസർ, എസ്.സി.ഡി.ഡി
11 ശ്രീ. ഡി. സാൻകി , ഡയറക്ടർ, കെ.എസ്.എ
12 ശ്രീ. ഡി. രാജീവ് കുമാർ, ഫിനാൻസ് ഓഫീസർ, അർബൻ
13 ശ്രീ. പി.ആർ. സജികുമാർ, ചീഫ്എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14 ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
15 ശ്രീമതി. ഹരിത. വി. കുമാർ, ഡയറക്ടർ, അർബൻ അഫയേഴ്സ്
16 ശ്രീ. അനീഷ്. എ, പ്രോജക്ട് മാനേജർ, ഐ.കെ.എം
17 ശ്രീമതി. പ്രസന്നകുമാരി. എം.സി, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് വകുപ്പ്
18 ശ്രീ. എസ്. ജമാൽ, എസ്.ആർ.ജി. മെമ്പർ
19 ശ്രീ. പി.വി. കമലാസനൻ നായർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട
20 ശ്രീ. ശ്രീറാം സാംബശിവ റാവു, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
21 ശ്രീ. സി.വി.ജോയി, ശുചിത്വമിഷൻ (ഡി.ഓപ്പറേഷൻ)
22 ശ്രീ. റ്റി.ആർ. രാജേശ്വരി, അണ്ടർ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
23 ശ്രീ. കെ. അർജ്ജുനൻ, എസ്.ആർ.ജി. മെമ്പർ
24 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ.